പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8023 24.07.2012 -ലെ മറുപടി

**പെരിന്തൽമണ്ണ-തൃശ്ശൂർ റൂട്ടിലെ ചെർപ്പുളശ്ശേരി, ഒറ്റപ്പാലം ഷൊർണ്ണൂർ ബസ്സ് റൂട്ടുകൾ പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിൽ നിന്നും ഓപ്പറേറ്റ് ചെയ്തുവന്നിരുന്ന പെരിന്തൽമണ്ണ-തൃശ്ശൂർ റൂട്ടിലെ ചെർപ്പുളശ്ശേരി, ഒറ്റപ്പാലം ഷൊർണ്ണൂർ വഴിയുള്ള രണ്ട് കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ മുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ്സ് റൂട്ടുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | ഉണ്ട്. പെരിന്തൽമണ്ണ-ചെർപ്പുളശ്ശേരി -ഒറ്റപ്പാലം- ഷൊർണ്ണൂർ -തൃശ്ശൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. രണ്ട് സർവ്വീസ് നടത്തിയിരുന്നു. ഇതിൽ വരുമാന ക്കുറവുകാരണം ഒരു സർവ്വീസ് നിർത്തലാക്കിയിട്ട് പതിനഞ്ച് വർഷത്തോളമായി. 09.15 നുള്ള തൃശ്ശൂർ സർവ്വീസ് ഇപ്പോൾ മുടക്കം കൂടാതെ ഓടുന്നുണ്ട്. |
| (ബി) | മേൽ ബസ്സ് റൂട്ടുകൾ മുടങ്ങുവാനുണ്ടായ കാരണം വിശദമാക്കാമോ; | | |
| (സി) | ആയത് എന്ന് പുനരാരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ? | (സി) | ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ നിർത്തലാക്കിയ സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ